# ജ്വാല

G.V.H.S.S PALLARIMANGALAM



little KITEs

05 പഠിച്ച് പഠിച്ച് മുന്നോട്ട്
കഥ

06 ഉയർത്തെഴുന്നേൽപ്പ്
കഥ

08 ദുരന്തങ്ങൾ വിതറുന്ന ഇ-മാലിന്യം
ലേഖനം

10 ഓണമേ നീ എങ്ങുപോയി ....?
കവിത

12 പഴഞ്ചൊല്ലുകൾ
ശേഖരണം

13 ഓലക്കുട
കവിത

16 മറീനയും ലറീനയും
കഥ

17 കണ്ണുനീർത്തുള്ളി
കവിത

18 പഴമയുടെ ഓണം
കവിത

19 ഭൂമിയുടെ വിലാപം
ലേഖനം

20 വൃക്ഷം
കവിത

21 CLICK!!
Photography Gallery



ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ മണിമുത്തുകൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. കുരുന്നുകളുടെ ഈ കഴിവ് വാനോളം ഉയർന്ന് പാറിപ്പറക്കട്ടെ.

വിലാസിനി സി. കെ
Head Mistress
G. V. H. S. S Pallarimangalam



പല്ലാരിമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ മരുഭൂമിയിലെ മരുപ്പച്ച പോലെ അനേകം മനസ്സുകളിൽ കുളിർമ്മയും പച്ചപ്പും പകർന്നു നൽകട്ടെ എന്ന് ആശംസിക്കുന്നു.

കെ. എം കരീം
P. T. A President
G. V. H. S. S Pallarimangalam





> ടെക്നോളജിയുടെ അനന്തവിഹായസ്സിൽ
> പാറിപ്പറന്ന ലിറ്റിൽ കൈറ്റ്സ് ടീമിന്റെ ചരട്
> നിയന്ത്രിക്കാൻ ഞങ്ങൾക്ക് സാധിച്ചതിൽ
> അഭിമാനം കൊള്ളുന്നു. പല്ലാരിമംഗലത്തിന്റെ
> കുഞ്ഞുനക്ഷത്രങ്ങൾ അറിവിന്റെ
> ആകാശപ്പരപ്പിൽ എന്നും വെള്ളി വെളിച്ചം
> വിതറി പരിലസിക്കട്ടെ.

Kite Mistresses
ഷെമിമോൾ കെ. പി - H. S. T Hindi
ധന്യ വി. സി - H. S. T Maths
G. V. H. S. S Pallarimangalam

# പഠിച്ച് പഠിച്ച് മുന്നോട്ട്

**ആഷ്ന ഹാരിസ് 8 B**



ഒരിടത്ത് മനു എന്ന് പേരുള്ള ഒരു ബാലൻ ഉണ്ടായിരുന്നു.അവന് അച്ചനോ അമ്മയോ ഇല്ലായിരുന്നു. ഒരു ദിവസം അവന് ഒരു ജോലി കിട്ടി. ഒരു പണക്കാരന്റെ കട മുറികൾ വൃത്തിയായി സൂക്ഷിക്കണം. അതാണ് പണി. അവന് പണിയെടുക്കാൻ ഒരു മടിയും ഇല്ലായിരുന്നു. പണക്കാരന് അവനോട് വളരെ അധികം ഇഷ്ടമായിരുന്നു. ഇതൊന്നും അയാളുടെ ഭാര്യക്ക് ഇഷ്ടമല്ലായിരുന്നു. അവന്റെ വലിയൊരു ആഗ്രഹം ആയിരുന്നു സ്കൂളിൽ പോകണമെന്ന്. അവന്റെ വിഷമം മനസ്സിലാക്കിയ അവന്റെ മുതലാളി അവനെ സ്കൂളിൽ വിട്ടു. അവനെ പഠിപ്പിച്ച വലിയൊരു മാഷ് ആക്കണം എന്നത് മനുവിന്റെ അമ്മയുടെ വലിയ ആഗ്രഹം ആയിരുന്നു. മരിക്കുന്ന സമയത്ത് അവന്റെ അമ്മ അവനോട് ഈ കാര്യം പറഞ്ഞു അവൻ സമ്മതിച്ചു. അവൻ അമ്മയ്ക്ക് കൊടുത്ത വാക്ക് പാലിച്ചു. വലിയൊരു മാഷ് ആയി അവൻ.

# ഉയിർത്തെഴുന്നേൽപ്പ്

മുഹ്സിന പി. എ 10 B

പുറത്തു വെളിച്ചം പറക്കുന്നതേയുള്ളൂ. ഉറക്കം എപ്പോഴേ അവളെ വിട്ടുപിരിഞ്ഞിരിക്കുന്നു. അവൾ എഴുന്നേറ്റിരുന്നു. പിണഞ്ഞുകിടന്ന മുടിയിഴകളെ വാരിവലിച്ചു കെട്ടി.കുഞ്ഞ് നിദ്രയിലാണ്ടിരിക്കുന്നു. അവൾ ഉറങ്ങട്ടെ ....ദുരിതവും ദുഷ്ടതകളും നിറന്ന ഈ ലോകത്തു നിന്നും ശാന്തി തൻ തീരാത്ത് വന്നെത്തിയ ഒരു ദേശാടന പക്ഷിയായി ...അവൾ എഴുന്നേറ്റിരുന്നു. അടുപ്പുകൂട്ടി. അവൾ ചിന്തയുടെ ഭ്രമണപതത്തിലാണ്ടു. വളർന്നു വരുന്നത് ഒരു പെൺ കുരുന്നാണ്. തനിക്ക് തണലാവാനുള്ളതും ആ പെൺ ജന്മം തന്നെ. പക്ഷെ അടച്ചുറപ്പില്ലാത്ത ഈ വീട്ടിൽ. അല്ലെങ്കിലും നൊന്ത് പെറ്റ അമ്മയെയും അച്ഛനെയും കൂടപ്പിറപ്പുകളെയും ഇട്ടെറിഞ്ഞ് ഇന്നലെ കണ്ട ഒരുത്തന്റെ കൂടെ ഇറങ്ങി തിരിച്ച തനിക്കിതല്ലാതെ എന്ത് ? എല്ലാം വിധി. അന്തിമുഴക്കെ മുഴുവൻ ഒരു കാലിൽ ആടി വന്ന് കൊണ്ടുപോകും. തിരിച്ചു തരുന്നതോ പുളിച്ച തെറിയും തൊഴിയും. അടുപ്പിനൊപ്പം അവളുടെ ഉള്ളും പുകഞ്ഞു. സാരി വലിച്ചു ചുറ്റി അവൾ പുറത്തിറങ്ങി.

താൻ അന്നത്തിനു വകയുണ്ടാക്കുന്ന ആ രണ്ടു നില ബംഗ്ലാവ് അവളിൽ ഭീതിയുണ്ടാക്കി.എജമാനത്തി ഇല്ലാത്ത നേരത്തെ ആ കുടവയറന്റെ നോട്ടം അവളിൽ അറപ്പുളവാക്കി. ഇരുട്ട്

പമ്മി വന്നു. ജീവിതത്തിനു വേണ്ടിയുള്ള മല്ലടിക്കലിന് അവൾ തൽക്കാലം വിരാമമിട്ടു.കൂടണയാൻ വെമ്പിക്കൊണ്ടവൾ ധൃതിയിൽ നടന്നു. വഴി വക്കിന് താഴെ നിൽക്കുന്നവരുടെ നോട്ടങ്ങളെ അവൾ അവഗണിച്ചു കൊണ്ട് ഇടവഴിയിലേക്ക് തിരിഞ്ഞു.

തന്റെ വിടരാത്ത പൂമൊട്ടിനെ ആ കഴുകക്കണ്ണുകൾ നോട്ടമിട്ടിട്ടുണ്ടോ ?? താൻ ഇല്ലാത്ത നേരത്ത് തന്റെ കുഞ്ഞിനെ അവർ .....

■



# ദുരന്തങ്ങൾ വിതറുന്ന ഇ-മാലിന്യം

തയ്യിബ പി. യു 10 B

കഴിഞ്ഞ രണ്ട് ദശകങ്ങളിലായി ഇലക്ട്രോണിക്ക് സാകേതിക വിദ്യഭ്യാസത്തിലുണ്ടായ അപൂർവ്വമായ കുതിച്ചുചാട്ടം സ്ഥലകാലസീമകളെ മറികടന്ന് കൊണ്ട് ഒരു പുതിയ ജീവിതശൈലിക്ക് തന്നെ തുടക്കമിട്ടു. ഇതോടൊപ്പം ഇലക്ട്രോണിക് സാകേതിക വിദ്യ കടന്നുചെല്ലാത്ത മേഖലകളില്ല എന്നു പറയാം. ഭരണ രംഗത്തും, വിദ്യഭ്യാസ രംഗത്തും, മാധ്യമ രംഗത്തും വിപ്ലവകരമായ മാറ്റങ്ങൾക്ക് നന്ദി കുറിച്ചുകൊണ്ട് കംപ്യൂട്ടറുകളുടെ ശൃംഖല തന്നെ വന്നു. ഒപ്പം ശൃംഖലകളുടെ ശൃംഖലയായ ഇന്റർനെറ്റും. ഏത് വാതിലിനുമുന്നിലും ധൈര്യമായി "ഇ"എന്ന അക്ഷരം കൂട്ടിച്ചേർക്കാമെന്ന അഹങ്കാരം ഏതൊരു വ്യക്തിക്കും  ഇന്നുണ്ട്. ഒരു വിർച്വൽ ഇടത്തേക്ക് പതുക്കെ നാം നീങ്ങുകയാണ്. പക്ഷെ ഇതോടോപ്പം ദൂരവ്യാപകമായ ദുശ്രുഷ ഫലങ്ങൾ ഉളവാക്കുന്ന നിരവധി വസ്തുക്കൾ കൂടി നമ്മൾ അറിഞ്ഞോ അറിയാതയോ ചുറ്റിനും കുമിഞ്ഞ് കൂടുന്നുണ്ട്. നാം ഉപയോഗിച്ചിട്ട് മതിയാക്കി ഉപേക്ഷിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ നിരുപദ്രവകാരിയാണെന്ന് കരുതിയെങ്കിൽ തെറ്റി. പരിസ്ഥിതിയുടെ അന്ധകനായ നിരവധി വസ്തുക്കളുടെ ഒരു സഞ്ചയമാണിത് എന്നതാണ് യാഥാർത്ഥ്യം.

നമ്മളിൽ മിക്കവർക്കും ഉപയോഗ ശൂന്യമായ  ഇലക്ട്രോണിക് ഉപകരണങ്ങൾ വെറും പ്ലാസ്റ്റിക് മാലിന്യം മാത്രം. എന്നാൽ സത്യമെന്താണ്? താമസിക്കാതെ നമ്മുടെ ഉപയോഗരഹിതമാകുന്ന ഇലക്ട്രോണിക് വസ്തുക്കൾ തൊട്ടടുത്തുള്ള ആക്രിവ്യാപാര കേന്ദ്രത്തിലെത്തുമെന്നറിയാം. പിന്നീട്

എന്തുസംഭവിക്കാം. ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ആഗോളതലത്തിൽ പല ഏജൻസികളും കണ്ടെത്തി കൊണ്ടിരിക്കുന്നത്. എന്താണ് ഇ - മാലിന്യം അഥവാ ഇലക്ട്രോണിക് മാലിന്യം? ഉപയോഗ കാലം കഴിഞ്ഞാലോ അല്ലാതെയോ ഉപേക്ഷിക്കപെടുന്ന വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളെയും അനുബന്ധവസ്തുക്കളെയും ഇ-മാലിന്യം എന്ന് പറയാം. ഇങ്ങനെ ഒരു ഉപകരണം ഉപേക്ഷിക്കാൻ നിരവധി കാരണങ്ങൾ ഉണ്ട്.

1.സാങ്കേതിക പരമായ വിഷയങ്ങൾ കൊണ്ട് ഉപേക്ഷിക്കാം. ക്രമരഹിതമായ പ്രവർത്തനമോ നന്നാക്കാൻ പറ്റാത്ത തരത്തിലുള്ള കേടുപാടുകളോ സംഭവിക്കുമ്പോളാണ് ഉപേക്ഷിക്കുന്നത്. ഓട്ടോമാറ്റിക്കായി പ്രവർത്തനശൈലിയുള്ള ഉപകരണങ്ങളാണ് കടകളിൽ കേടുപാടുകൾ സംഭവിക്കുമ്പോൾ അധികവും ലഭ്യമായിട്ടുള്ളത്. ഒരു ഭാഗത്തിന് മാത്രം പറ്റുന്ന പ്രശ്നം ഉപകരണത്തെ മൊത്തമായിത്തന്നെ ഉപദ്രവിക്കും.

2.താരതമ്യേന കുറഞ്ഞ വിലയുള്ള ഉപകരണങ്ങളാണ് അധികവും. കേടുപാടുകൾ നിർത്തുന്നതിലും സാമ്പത്തിക ലാഭം ചിലപ്പോൾ പുതിയത് വാങ്ങിക്കുന്നതായിരിക്കും.



# ഓണമേ നീ എങ്ങുപോയി ....?

ഓണമേ നീ എങ്ങുപോയി ....?
പ്രളയമാം അഗ്നി നിന്നെ വിഴുങ്ങിയോ ?
പാവമാം മാവേലി തമ്പുരാനെ ...
വരവേൽക്കാൻ നീ എങ്ങുപോയി ?

ഏയ് മനുഷ്യാ....
നിന്റെ ചൂഷണം മൂലം
ഓണമിന്നെങ്ങോ അകന്നുനില്പ്പൂ !
ഓണമിന്നെങ്ങോ മറന്ന് നിൽപ്പൂ !

ഏയ് മഴയെ ....
എന്തിന്നു നീ...
പാവമാം ഓണത്തെ ഭക്ഷിച്ചൂ ?
സ്നേഹമാം ഓണത്തെ തിരസ്കരിച്ചൂ ?
പാവമാം മാവേലി നാടുകാണുന്നേരം
എന്തിനു നീ .....
സ്നേഹത്തെ തടഞ്ഞുവെച്ചു ?

ഓണമില്ലെങ്കിൽ മനുഷ്യനില്ല
മഴയില്ലെങ്കിലും മനുഷ്യനില്ല
പിന്നെ .....
എന്തിനു നിങ്ങൾ ....
പരസ്പരം മത്സരിപ്പൂ ....?
പരസ്പരം വഴക്കടിപ്പൂ....?

ദൈവമാണ് മഴയെ ....

സ്നേഹമാം ഓണത്തെ വിഴുങ്ങീടല്ലേ ....

പാവമാം ഓണത്തെ വിഴുങ്ങീടല്ലേ ....

സ്നേഹവും ദൈവവും

ഓതിടുമ്പോഴല്ലയോ ...

ഈ ഭൂമി ...

കരുണയാൽ ഉജ്ജ്വലിപ്പൂ

ദൈവമില്ലെങ്കിലോ സ്നേഹമില്ല

സ്നേഹമില്ലെങ്കിലോ ദൈവമില്ല

■

**സ്വാലിഹ സി. യു 8 B**



# പഴഞ്ചൊല്ലുകൾ

ആദിത്യൻ ഷിജു 8 B

- ഉപ്പ് തിന്നവൻ വെള്ളം കുടിക്കും
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- ആന കൊടുത്താലും ആശ കൊടുക്കരുത്
- ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച
- കുരക്കും പട്ടി കടിക്കില്ല
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- കിട്ടാത്ത മുന്തിരി പുളിക്കും
- വേണമെങ്കിൽ ചക്ക വേരിലും മുളക്കും
- മുറ്റത്തെ മുല്ലക്ക് മണമില്ല
- പണത്തിനു മീതെ പരുന്തും പറക്കില്ല
- അടിതെറ്റിയാൽ ആനയും വീഴും
- കുന്തം പോയാൽ കുടത്തിലും തപ്പണം
- മടിയൻ മല ചുമക്കും
- ഒരുമയുണ്ടെങ്കിൽ ഉലക്ക മേലും കിടക്കാം
- എന്റെ മാവും പൂക്കും
- കഥയിൽ ചോദ്യമില്ല
- കാക്ക കുളിച്ചാൽ കൊക്കാകുമോ ?
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
- ഒരു വെടിക്ക് രണ്ടു പക്ഷി

■

# ഓലക്കുട

അക്ബർ അലി 10 B

*നേരം വെളുക്കെയിറങ്ങീ പതുക്കെ _*
*യോലകുടയുമായ് ഓണത്തപ്പൻ*
*പറപറാ പെയ്യുന്ന  മഴ തോർന്നുനിൽകെ -*
*കേരളമങ്ങുമിങ്ങും കറങ്ങാൻ*

*മുത്തച്ഛനപ്പൂപ്പനമ്മാവനൊക്കെ -*
*ചൂടി നടന്ന യോരോലക്കുടയും തൻ*
*വെറ്റിലത്താലവുമേന്തി നടക്കെ*
*മാനമിരുണ്ടതൊന്നുമേയറിഞ്ഞില്ല താൻ*

*ആർത്തലച്ചെത്തിയോരീമഴക്കെ*
*ന്തൊരുറ്റം പണിപ്പെട്ടു മന്നൻ*
*കാലിൽ പാമ്പുകടിയേറ്റകണക്കെ*
*വായുദേവൻ  അലറിയെത്തിയുടൻ*

*പണിപ്പെട്ടുടുത്തതാരൊറ്റമുണ്ട്*
*കാറ്റിൽ പറക്കുന്നതിനെത്തളച്ചിടാൻ*
*ഒരുകൈകൊണ്ടെന്തൊക്കെയോ -*
*അടവുകൾ പയറ്റുന്നു താൻ*

*ഓലക്കുടയുടെവിടവിലൂടെപതുക്കെ -*
*ഒളിച്ചിറങ്ങിടുന്നു ജലം തൻ*
*കുടുമയിൽ തൊട്ടുതലോടി കണ്ണുകൾക്കെ -*
*ല്ലാം തിരശീല വിരിക്കുന്നീറൻ*

കണ്ണിമയിൽ തട്ടിനീറുന്ന തനിക്ക -
തോ കഴിയുന്നില്ലയൊന്നും കാണാൻ
നേരം വെളുക്കെഇറങ്ങി പതുകെ _
ഓലകുടയുമായി ഓണത്തപ്പൻ
പറപറ  പെയ്യുന്ന  മഴ തോർന്നനിൽകെ -
കേരളമങ്ങുമിങ്ങും കറങ്ങാൻ

മുത്തച്ഛനപ്പൂപ്പൻ അമ്മാവനൊക്കെ -
ചൂടി നടന്ന ഓലക്കുടയുംതൻ
വെറ്റിലത്താലവുമേന്തി നാടാകെ
മാനമിരുണ്ടതൊന്നുമേയറിഞ്ഞില്ലതാൻ

ആർത്തലച്ചെത്തിയോരീമഴയാകെ
തോര്ട്ടം പണിപ്പെട്ടു മന്നൻ
കാലിൽ പാമ്പുകടിയേറ്റകാണക്കെ
വായുദേവൻ  അലറിത്തിരിയുന്നുടൻ

പണിപെട്ടുട്ടത്തതാരൊറ്റമുണ്ട്
കാറ്റിൽ പറക്കുന്നതിനെത്തളച്ചിടാൻ
ഒരുകൈകൊണ്ടെന്തൊക്കെയോ -
അടവുകൾ പയറ്റുന്നു താൻ

ഓലക്കുടയുടെ വിടവിലൂടെ പതുക്കെ -
ഒലിച്ചിറങ്ങിടുന്നു ജലം തൻ
കുടുമയിൽ തൊട്ടുതലോടി കണ്ണുകൾക്കെ -
ല്ലാം തിരശ്ശീല വിരിക്കുന്നീറൻ
കണ്ണിമയിൽ തട്ടിനീറുന്ന തനിക്ക -
തോ കഴിയുന്നില്ലയൊന്നും കാണാൻ

മഴതോർന്ന  നേരത്തു പതുക്കെ
നാടുനീളം പൂക്കളം കാണാൻ
ഈറനണിഞ്ഞ  ചട്ടയും മുണ്ടുമൊക്കെ
പിഴിഞ്ഞുകളഞ്ഞു നടന്നു മന്നൻ

ഓരോ വീട്ടിലും പൂക്കളം മഴയ്ക്ക് -
എങ്ങുനിന്നോവന്ന കാറ്റിനും കൂടെ തൻ
പൂക്കളം പറന്നുപോയതും നോക്കി നിൽക്കേ
കണ്ണീരൊലിപ്പിക്കുന്ന വീട്ടുകാർ
എല്ലാവരെയും സ്വാന്തനിപ്പിച്ചു  തനിക്ക് -
എങ്ങുനിന്നോ കിട്ടിയ ചീഞ്ഞപ്പൂകളും തൻ
നനഞ്ഞോരോലക്കുടയും ചൂടി നടക്കെ
വീണ്ടും വന്നൊരുമഴയറിഞ്ഞില്ല മന്നൻ



# മറീനയും ലറീനയും

മൻസൂർ സുധീർ 9 A



ഒരു കൊച്ചു ഗ്രാമത്തിൽ സുന്ദരിയായ രണ്ടു സഹോദരിമാർ താമസിച്ചിരുന്നു. മറീനയും ലറീനയും മൽസ്യത്തൊഴിലാളിയായ ഒരു മുക്കവന്റെ മക്കളായിരുന്ന രണ്ടുപേരും. മറീന വളരെ നല്ല സ്വഭാവമുള്ള സൽസ്വഭാവിയായ മറ്റുള്ളവരെ സ്നേഹിക്കാൻ മനസ്സുള്ളവൾ ആയിരുന്നു. എന്നാൽ ലറീന വളരെ ദുഷ്ടയും കഠിന ഹൃദയമുള്ളവളുമായിരുന്നു. മറീന വീട്ടിൽ എല്ലാ ജോലികളും ചെയ്ത് അവളുടെ അച്ഛന് വേണ്ട ഭക്ഷണമെല്ലാം പാകംചെയ്ത് അച്ഛന്റെ കാര്യങ്ങൾ വളരെ ഭംഗിയോടെ നോക്കിയിരുന്നു. ഒരിക്കൽ അവളുടെ അച്ഛന് അസുഖം ബാധിച്ചുകിടപ്പിലായി. അധികം വൈകാതെ അച്ഛൻ മരണപ്പെടുകയും ചെയ്തു. ഇതിൽ മറീന വളരെ ദുഖിതയായി. പക്ഷെ ലറീനയെ ഇതൊന്നും ബാധിച്ചില്ല. അവൾ അവളുടേതായ കാര്യങ്ങളിൽ മുഴികിയിരുന്നു. ഇനി ജോലി ചെയ്യാതെ ജീവിക്കാൻ കയില്ലെന്നു മനസിലാക്കിയ മറീന മൽസ്യമായി പഠനത്തിൽ പോയി മൽസ്യ വിൽപന നടത്താൻ തീരുമാനിച്ചു. അതിനായി അവൾ ലറീനയുടെ സഹായം തേടി. പക്ഷെ കഠിനഹൃദയിയായ ലറീന അതിനു വഴങ്ങിയില്ല. പാവം മെറീന തനിയെ മീൻ വില്പന ആരംഭിച്ചു. അങ്ങനെ ദിവസങ്ങളും മാസങ്ങളും കയ്യിന്നു പോയി. അവൾ സമ്പന്നയായി മാറി. ■



# കണ്ണുനീർതുള്ളി

സീനത്ത് എം

ഏ നദി വറ്റി വരണ്ടു നിൽപ്പതാണോ ഇന്ന് നീ അല്ല വൃദ്ധനായതാണോ
പ്രായമേറും മുമ്പ്  നീ വഴിയിൽ
വിലങ്ങായ് നിന്നിടുന്നത് കൂസിടാതെ
കുതിച്ചു നീ
വിറങ്ങലിച്ചു വിനീതനായിട്ടിരുന്നു നിൽപ്പവതെന്തു നീ
പണ്ടു ഞാൻ കരഞ്ഞ നേരം എന്നിലഭയം എത്തി നീ
ഇന്ന് ചിരി തൂകിടുമ്പോളെൻ കണ്ണ്
നിറച്ചുനീ മുമ്പ് ഞാൻ ദു:ഖിച്ചിടുമ്പോൾ കൂട്ടു  കൂടാനെത്തി നീ ഇന്ന് ഞാൻ കരയുന്നു
മൊറ്റയ്ക്കെന്ത്
കൊണ്ടാണിത് നിൻ കരയിലെ വൻ മരങ്ങൾ നഗരാണെൻ വടക്കു നിന്നു കാറ്റു
വന്നാൽ കാണും മേനീ വിധി
ചക്രവാളത്തിൽ പറക്കും കാകനും മൊഴിഞ്ഞ നീ ദ:ഖമാ നിൻ യവനേ
നശിച്ചു പോയൊരു ജിവനിൽ

■



# പഴമയുടെ ഓണം

മുഹ്സിന പി.എ 10 B

*ഓർത്തു പോകുന്ന ഞാൻ*
*പഴമ തൻ ഓണനാളിനെ*
*ഓലകുടയും മലർകളവുമായി*
*ഓണതപ്പാനെ കാത്തോരാ നാളിനെ*
*ാണക്കോടിയുടുത്തെൻ ഓമനകൾ*
*ഓണക്കവിതകൾ പാടിയ നാളിനെ*
*പ്പോൾ ഇതെല്ലാം ഓർമകൾ മാത്രം*
*വെറുമൊരോർമകൾമാത്രം*
*അമ്മയാം ഭൂമിയെ*
*കൊന്നൊടുക്കുമീ മാനവചെയ്തികൾ*
*ാലചക്രത്തെയാകെ കുട്ടിക്കുഴച്ചിട്ടും*
*കാലനെ വെല്ലുന്ന ക്രൂരകൈകൾ*
*വസന്തം വേനലായി*
*ശിശിരം വേനലായി*
*ണനാളിലോ തോരാത്തമഴയുമായി*
*മണ്ണിടിച്ചിൽ, മരംമുറിഞ്ഞു വീഴൽ*
*പ്രവർത്തനം, ദുരിതാശ്വാസ ക്യാമ്പുകൾ*
*ക്യാമ്പിലെ ഭീതിനിറഞ്ഞ മുഖം*
*ചെളിയിൽ പുതഞ്ഞ മൃതശരീരം*
*എല്ലാം നിഴലുപോൽ പിന്തുടരുന്നു*

■

# ഭൂമിയുടെ വിലാപം


അദബിയ സക്കീർ 9 B

ഭൂമി എല്ലാവർക്കും ഒരു പോലെയാണ്. ഇവിടെ മനുഷ്യർ മൃഗങ്ങളെ കൊല്ലും. ഇത് ശരിയല്ല. മനുഷ്യനാണ് ഭൂമിയെ തന്നെ നശിപ്പിക്കുന്നത്. അത് മണ്ണ് പൊക്കി, പാടം നിരത്തി, മല നിരത്തി അങ്ങനെ വലിയ ബിൽഡിങ്ങ് പണിയും ഇത് ഭൂമിക്ക് ദോഷമാണ്. അതു കൊണ്ടാണ് വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ അതു പോലെ ഉണ്ടാകുന്നത്. ഇത് മനുഷ്യർക്ക് തന്നെ യാണ് ദോഷ മുണ്ടാക്കുന്നത്. പണ്ട് കാലങ്ങളിൽ വീടുകളിൽ നോക്കിയാൽ ചെടിയിൽ മനോഹരമായ പല നിറത്തിലുള്ള പൂക്കൾ വിടർന്ന് നിൽക്കുന്നത് കാണാം. അതിൽ തേൻ നുകരാൻ മനോഹരമായ തേനീച്ച, ചിത്യശലഭങ്ങൾ അതും പലനിറത്തിൽ. പക്ഷെ ഈ കാലത്ത് ഒരു പൂവ് പോലും കാണാനില്ല. കാലങ്ങൾ മാറി പക്ഷെ നാം ആഗ്രഹിക്കുന്നത് മനുഷ്യരും എല്ലാ ജിവജാലങ്ങളും എല്ലാം ഒത്തുകൂടി സന്തോഷത്തോടെയും സൗഹൃദത്തോടെയും സ്നേഹത്തോടെയും കഴിയണമെന്നാണ്

■

# വൃക്ഷം

അഫ്സൽ 8 B



മരമായിരുന്നു ഞാൻ
പണ്ടൊരു മഹാനദി-
ക്കരയിൽ നദിയുടെ
പേരു ഞാൻ മറന്നു പോയ്
നയിലോ, യൂഫ്രട്ടിസോ
യാങ്സിയോ, യമുനയോ
നദികൾക്കെന്നെക്കാലു
കാണണമവർ ചികുള്ള
സഞ്ചാര പ്രിയർ
നിലത്തെഴുതാൻ പഠിച്ചവർ
പറയാൻ പഠിച്ചവർ

■





CLICK!!









റെയിൻബോ-2019
ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പല്ലാരിമംഗലം അടിവാട്
86-ാംമത് വാർഷികാഘോഷവും
ജൈവ വൈവിധ്യപാർക്ക് ഉദ്ഘാടനവും
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പ്രകാശനവും
2019 ജനുവരി 29 ചൊവ്വ വൈകിട്ട് 3.30 മുതൽ
ബഹു. ജോയ്സ് ജോർജ് എം.പി.


A.M.










CLICK!!







“Raise your children to love and embrace others. Tell them they are beautiful; they may grow up to be stars one day, and "beautiful" will never mean as much in a magazine as it will coming from you.”

*Kaiden Blake*

